# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1258 — 11.02.2016 ൽ മറുപടിയ്ക്ക്

### പുതിയ മാവേലി സ്റ്റോറുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ഗ്രാമപഞ്ചായത്തിലെ വാലുങ്ങാമുറിയിലും, മേലൂർ ഗ്രാമ പഞ്ചായത്തിലെ അടിച്ചാലിയിലും പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ? | (എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ഗ്രാമപഞ്ചായത്തിലെ വാലുങ്ങാമുറിയിൽ മാവേലി സ്റ്റോർ അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രസ്തുത മാവേലി സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>മേലൂർ ഗ്രാമപഞ്ചായത്തിലെ അടിച്ചിലിയിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള മാനദണ്ഡമനുസരിച്ച് പഞ്ചായത്ത് ലഭ്യമാക്കേണ്ട അടിസ്ഥാന സൗകര്യങ്ങളായ ആജീവനാന്ത വാടക രഹിത കെട്ടിടവും, 1 ലക്ഷം രൂപയും ലഭ്യമാക്കാമെന്നുള്ള പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം ഇതുവരെയും സപ്ലൈകോയെ രേഖാമൂലം അറിയിച്ചിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സാധ്യതാ പഠന റിപ്പോർട്ടിന്റെയും, ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ